WEDNESDAY 26/11/2025 ബുധനാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/11/2025

1. നാളികേര വികസന ബോർഡിന്റെ ഫാമിൽ ഉല്പാദിപ്പിച്ച നല്ലയിനം നാടൻ (വെസ്റ്റ് കോസ്റ്റ് നെടിയ ഇനം WCT) തെങ്ങിൻ തൈകൾ നൂറ് രൂപ നിരക്കിൽ 28.11.2025 ന് വെള്ളിയാഴ്ച നാളികേര വികസന ബോർഡിന്റെ കൊച്ചി ആസ്ഥാനത്ത് വില്പന നടത്തുന്നു. മുൻകൂട്ടി ബുക്കിംഗിനും മറ്റ് വിവരങ്ങൾക്കുമായി വിളിക്കേണ്ട നമ്പർ 0485 2554240. തൈകളുടെ വിൽപന 28.11.2025 ന് മാത്രമായിരിക്കും. ഫാമിലെ മറ്റ് കാർഷിക ഉത്പ്പന്നങ്ങളു ടെ വിൽപനയും അന്നേദിവസം ഉണ്ടായിരിക്കുന്നതാണ്.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Soil Health Management" എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാര്ക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഇ-കൃഷി പാഠശാല' കയറി രജിസ്ട്രേഷൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്യാവുന്നതാണ്. കോഴ്സ് ആരംഭിക്കുന്ന തിയ്യതി 2025 ഡിസംബർ 15. 2026 ജനുവരി 15ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

3. സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ഇന്ന് (26.11.2025) ജില്ലയിലെ കർഷകരുടെ സിറ്റിങ് നടത്തും. ആനയറ വേൾഡ് മാർക്കറ്റ് കോമ്പൗണ്ടിലെ കർഷക കടാശ്വാസ കമ്മീഷൻ ഓഫീസിൽ രാവിലെ ഒമ്പതിന് ആരംഭിക്കും. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട് ജില്ലകളിലെ സിറ്റിങ് ഓൺലൈനായും നടത്തും.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രവും വെള്ളാനിക്കര കാർഷിക കോളേജ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗവും സംയുക്തമായി നടത്തുന്ന "R സോഫ്റ്റ് വെയറിൽ ഡാറ്റാ വിശകലന തത്ത്വങ്ങൾ" എന്ന വിഷയത്തിൽ അഞ്ച് ദിവസത്തെ ഓൺലൈൻ

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലന പരിപാടി നവംബർ 24 മുതൽ നടന്നു വരുന്നു. R സോഫ്റ്റ് വെയർ എന്നത് സ്റ്റാറ്റിസ്റ്റിക്കൽ കമ്പ്യൂട്ടിംഗിനും ഡാറ്റ വിശകലനത്തിനുള്ള ഒരു സ്വതന്ത്ര, ഓപ്പൺ സോഴ്സ് പ്രോഗ്രാമിംഗ് ഭാഷയും സോഫ്റ്റ്‌വെയറുമാണ് . "R" സോഫ്റ്റ് വെയറിന്റെ വിശദമായ ഉപയോഗം, ഡാറ്റാ വിശകലന രീതികൾ എന്നീ വിഷയങ്ങളിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. നവംബർ മാസം 24 മുതൽ 28 വരെയാണ് പരിശീലനം. ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ ഓൺലൈനായി പങ്കെടുക്കാം. 1000 രൂപയാണ് പരിശീലന ഫീസ്. പങ്കെടുക്കുവാൻആഗ്രഹിക്കുന്നവർക്ക് https://forms.gle/7baLuaX2 xciZDYfX7 എന്ന ലിങ്ക് ഉപയോഗിച്ച് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 8547837256 എന്ന നമ്പറിലും celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും ബന്ധപ്പെടാവുന്നതാണ്.

5. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒരു മാസം പ്രായമുള്ള ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ 150 രൂപ നിരക്കിൽ വിൽപ്പന ആരംഭിച്ചിരിക്കുന്നു. താല്പര്യമുള്ളവർ രാവിലെ 10 മണി മുതൽ 4

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മണിവരെയുള്ള സമയങ്ങളിൽ 9400483754 എന്ന ഫോൺ നമ്പറിൽ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്.

## പരിശീലന പരിപാടി

6. മഷ്‌റൂം ഫാർമേഴ്സ് ആൻഡ് ബൈപ്രോഡക്ട്സ് പ്രൊഡ്യൂസേഴ്സ് വെൽഫെയർ സൊസൈറ്റി കൂൺപുരയുടെ നേതൃത്വത്തിൽ **കൂൺ കൃഷി പരിശീലനം** സംഘടിപ്പിക്കും. ഈ മാസം 26 ന് രാവിലെ പത്ത് മുതൽ കൈമനം കൂൺപുരയിലാണ് സൗജന്യ പരിശീലനം. ഗ്രൂപ്പുകൾക്കും സംഘടനകൾക്കും അവരവരുടെ സ്ഥലത്ത് വെച്ച് പരിശീലനം നൽകുന്നതിനൊപ്പം കൃഷിക്ക് ആവശ്യമായ വിത്തും മറ്റ് സാധനങ്ങളും എത്തിച്ചു നൽകും. കൂടാതെ കർഷകരിൽ നിന്നും കൂൺ വിലക്കെടുക്കുകയും ചെയ്യും. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ 9847328975.

7. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) നടപ്പിലാക്കി വരുന്ന **കോൺട്രാക്ട്- കുടുംബശ്രീ ഇറച്ചിക്കോഴി വളർത്തൽ** പദ്ധതിയിലേയ്ക്ക് -കർഷകരെ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ

സാങ്കേതിക സമിതി, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കുടുംബശ്രീ യൂണിറ്റുകൾ / ഇറച്ചി കോഴിവളർത്തുന്ന കർഷകർ എന്നിവരിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നു. ഒരു ദിവസം പ്രായമുള്ള ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ, നൽകി 40 ദിവസം അല്ലെങ്കിൽ 2 കിലോ ആകുമ്പോൾ ഇറച്ചികോഴികളെ തിരിച്ചെടുക്കുന്ന പദ്ധതിയാണ് ഇത്. ഇത് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി തിരുവനന്തപുരം പേട്ടയിൽ സ്ഥിതി ചെയ്യുന്ന കെപ്കോയുടെ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11.00 മുതൽ വൈകുന്നേരം 3.00 മണിവരെയുള്ള സമയത്ത് 9495000922, 0471-2468585 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

8. കോട്ടയം എംജി സർവകലാശാലാ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജിയുടെ നേതൃത്വത്തിൽ **പ്ലാന്റ് ടിഷ്യുകൾചർ** മേഖലയിലെ സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള **ത്രിദിന ശിൽപശാല നവംബർ 27 മുതൽ 29 വരെ** സർവകലാശാലയിൽ നടക്കും. വിദ്യാർഥികൾക്ക് 2000 രൂപയും മറ്റുള്ളവർക്കു 3000 രൂപയുമാണു ഫീസ്. nipst.mgu.ac.in, 9446314151, 9645174637 ൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷന് സെന്ററിൽ **കൂൺ കൃഷി’** എന്ന വിഷയത്തിൽ ഇന്ന് (**26.11.2025** ന്) ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **ഫോൺ നമ്പര് : 8547070773.** പരിശീലനഫീസ് **₹550/-** രൂപ.

10. മൈക്രോഗ്രീൻസ് കൃഷിരീതിയെ കുറിച്ച് വിഎഫ്പിസികെയുടെ നേതൃത്വത്തിൽ നവംബർ 27-ന് പരിശീലന പരിപാടി നടത്തുന്നു. രാവിലെ 10-ന് നെടുമ്പാശ്ശേരി പഞ്ചായത്ത് ഹാളിൽ നടക്കുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് 94460 30502, 94476 06625 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക .

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം